(ബി) ഓംബുഡ്സ്മാന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഗവൺമെന്റ് ഏർപ്പെടുത്തിക്കൊടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഓംബുഡ്സ്മാൻ നൽകുന്ന വിധി നടപ്പിലാക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ, മുനിസിപ്പൽ ഡയറക്ടർ, പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർ, പോലീസ് സൂപ്രണ്ട് എന്നിവർക്ക് നിർദ്ദേശം നൽകാറുണ്ട്. 1999-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള 'ഓംബുഡ്സ്മാൻ (പരാതി അന്വേഷണ വിചാരണയും സേവന വ്യവസ്ഥകളും) ചട്ടങ്ങളിലെ 25-ാം ചട്ടപ്രകാരം പരിഹാരമാർഗ്ഗങ്ങൾ എടുക്കുകയും വിധി നടപ്പാക്കാത്ത സാഹചര്യത്തിൽ പിഴ ശിക്ഷ വിധിക്കാറുമുണ്ട്.

(ബി) ഓംബുഡ്സ്മാന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഗവൺമെന്റ് ഏർപ്പെടുത്തിക്കൊടുത്തിട്ടുണ്ട്.

അനാഥാലയങ്ങൾക്കും ധർമ്മ സ്ഥാപനങ്ങൾക്കും ലഭിക്കുന്ന ആനുകൂല്യങ്ങൾ

93 [3482] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അനാഥാലയങ്ങൾക്കും ധർമ്മസ്ഥാപനങ്ങൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നത്.;

(ബി) കേരളാ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളെ കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 200-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് ചുമത്താവുന്ന നികുതികൾ, ചുങ്കം മുതലായവയിൽനിന്നും അനാഥാലയങ്ങളെയും ധർമ്മ സ്ഥാപനങ്ങളെയും പ്രസ്തുത ആക്ടിലെ വകുപ്പ് 207 ഉപവകുപ്പ് (സി) പ്രകാരം ഒഴിവാക്കിയിട്ടുണ്ട്.

1994-ലെ മുനിസിപ്പാലിറ്റി ആക്ടിലെ 235 (ഐ) ഉപവകുപ്പ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചുമത്താവുന്ന നികുതികൾ, ചുങ്കം എന്നിവയിൽ നിന്നും അനാഥാലയങ്ങളെയും, ധർമ്മസ്ഥാപനങ്ങളെയും ഒഴിവാക്കിയിട്ടുണ്ട്.

(ബി) പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly